ഉത്തരം

(എ) 4 ഒഴിവുകളുണ്ട്.

(ബി) സ്ഥിരമായി വില്ലേജ് ആഫീസർമാരില്ലാത്ത വില്ലേജ് ഓഫീസുകൾ ഒന്നുമില്ല. ഉദ്യോഗസ്ഥർ ലഘുസ്വകാര്യ അവധിയിലോ/ട്രാൻസ്ഫർമൂലം എത്തിച്ചേരാനുള്ള കാലാവധിയിലോ മാത്രം ഓഫീസർ ഇല്ലാതാകാറുണ്ട്. എന്നാൽ ഇത്തരം സാഹചര്യങ്ങളിൽ ചാർജ്ജ് നടപടി ചെയ്യാറുണ്ട്.

(സി) ഇല്ല. അപേക്ഷകർക്ക് ആവശ്യമായ സർട്ടിഫിക്കറ്റുകൾ നൽകി വരുന്നുണ്ട്.

(ഡി) ഒഴിവുള്ള വില്ലേജുകളിൽ വില്ലേജ് ആഫീസർമാരെ നിയമിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

റവന്യൂ വകുപ്പിലെ സ്ഥലംമാറ്റം

196 (7165) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യൂ വകുപ്പിൽ പൊതുസ്ഥലംമാറ്റ വ്യവസ്ഥകൾ ലംഘിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

ഇല്ല. ലാസ്റ്റ് റവന്യൂ വകുപ്പിൽ പ്രൊമോഷൻ/റീ അലോട്ട്മെന്റ് സ്ഥലം മാറ്റമാണ് നടന്നുവരുന്നത്. സീനിയോറിറ്റിയുടെയും അർഹതയുടെയും അടിസ്ഥാനത്തിൽ പൊതുസ്ഥലംമാറ്റ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് ഇത്തരം സ്ഥലംമാറ്റങ്ങൾ അനുവദിച്ചുവരുന്നത്.

മലപ്പുറം കളക്ടറേറ്റ് യു.ഡി.ക്ലാർക്ക് ശ്രീ. ജുനൈദ് കെ.എം. നൽകിയ അപേക്ഷ

197 (7166) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം കളക്ടറേറ്റിൽ റവന്യൂവകുപ്പിൽ ജോലി ചെയ്യുന്ന യു.ഡി. ക്ലാർക്ക് ജുനൈദ്, കെ.എം. എന്നയാൾ മലപ്പുറം ജനസേവന കേന്ദ്രത്തിൽ നിലവിലുള്ള ഒഴിവിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നതിന് സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ഘട്ടത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(സി) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജനസേവന കേന്ദ്രത്തിലേക്ക് ടിയാനെ മാറ്റിനിയമിക്കുന്നതിന് അനുമതി നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി&സി) മലപ്പുറം ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിൽ നിലവിലുള്ള ഒഴിവിലേക്ക് തന്നെ പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 6-5-2013-ൽ ശ്രീ. ജുനൈദ് കെ. എം. മുൻകൂർ അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാനെ റിടുതൽ ചെയ്യുന്നതിനു തടസ്സമില്ലെങ്കിൽ ടി. വിവരം അറിയിക്കുവാൻ എൽ.ആർ.ഇ.6-37303/12 നമ്പർ കത്ത് പ്രകാരം മലപ്പുറം ജില്ലാ കളക്ടറോട് ലാന്റ് റവന്യൂ കമ്മീഷണർ ആവശ്യപ്പെട്ടിരുന്നു. തുടർന്ന് ശ്രീ. ജുനൈദിനെ റിടുതൽ ചെയ്യുന്നതിന് തടസ്സമില്ലെന്ന് മലപ്പുറം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാന് ഡെപ്യൂട്ടേഷൻ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ 15-7-2013-ൽ ലാന്റ് റവന്യൂ കമ്മീഷണർ സർക്കാരിൽ ഇൻഫർമേഷൻ ടെക്നോളജി (സി) വകുപ്പിൽ സമർപ്പിച്ചു. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച വിഷയത്തിന്മേൽ അന്തിമ തീരുമാനമെടുക്കേണ്ടത് പ്രസ്തുത വകുപ്പുതന്നെയാണ്. ഇക്കാര്യത്തിൽ തീരുമാനമായിട്ടില്ല.

**കോടതിവിധി നടപ്പാക്കിക്കിട്ടുന്നതിനായി ഗോപാലൻ നാടാർ സമർപ്പിച്ച അപേക്ഷ**

198 (7169) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1500/12/എം/റവന്യൂ നമ്പരായി 21-2-2012-ൽ ഗോപാലൻ നാടാർ സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ബി) നെയ്യാറ്റിൻകര റവന്യൂജില്ലയിൽ ഇരുനിൽ ദേശത്ത് താമരപ്പള്ളിവിള പുത്തൻവീട്ടിൽ ഗോപാലൻ നാടാരുടെ വസ്തു സംബന്ധമായ കേസിൽ ബഹു. മുനിസിഫ് കോടതിയുടെ ഒ.എസ്. 696/65-ാം നമ്പർ വിധിപ്രകാരം 4¼ സെന്റ് പുരയിടത്തിന് ഗോപാലൻ നാടാർക്ക് കൈവശാവകാശം സിദ്ധിച്ചതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത വിധിക്കെതിരെ എതിർകക്ഷി യോഹന്നാൻ നാടാർ വിവിധ കോടതികളിൽ (സബ് കോടതി, ജില്ലാ കോടതി, ഹൈക്കോടതി) നൽകിയ അപ്പീൽ തള്ളി, യോഹന്നാൻ നാടാർക്ക് മുൻ സർവ്വേ 39/26-ൽ 26½-സെന്റ് നിലത്തിന് മാത്രമേ അവകാശമുള്ളുവെന്ന് വിധി പ്രസ്താവിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത വസ്തുസംബന്ധമായി താലൂക്ക് സർവ്വേയർ ജില്ലാ ഹെഡ് സർവ്വേയർ എന്നിവർ തയ്യാറാക്കിയ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ട് കോടതിവിധിക്കനുസരിച്ചാണോ തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;